എ.വൈ.ആർ

# സൂറ - 28 / അൽ ഖസ്വസ്വ്

## സൂക്തം: 04 - 06

ഭൂമിയിലെ മർദിത വിഭാഗങ്ങളോടൊപ്പമാണ് അല്ലാഹു. അവർ സ്വതന്ത്രരും ജേതാക്കളും നേതാക്കളുമാകണമെന്നാണ് അവന്റെ താൽപര്യം. അങ്ങനെ മർദകരും ചൂഷകരും അവരിൽനിന്ന് ഭയപ്പെട്ടിരുന്നതെന്താണോ അതു യാഥാർഥ്യമാകണം. അതുകൊണ്ട് മർദിതരെ അവൻ അനുഗ്രഹിച്ചു കൊണ്ടിരിക്കും. ഈ അനുഗ്രഹം പക്ഷേ, കരഗതമാകാൻ മർദിതർ അതാഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർഥിക്കുകയും വേണം.



إِنَّ فِرْعَوْنَ عَلَا فِي الْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَائِفَةً مِّنْهُمْ يُذَبِّحُ أَبْنَاءَهُمْ وَيَسْتَحْيِي نِسَاءَهُمْ إِنَّهُ كَانَ مِنَ الْمُفْسِدِينَ ﴿٤﴾

4. ഫറവോൻ ഭൂമിയിൽ അത്യുന്നതനെന്ന് അഹങ്കരിച്ചു വാണു. അവൻ നാട്ടുകാരെ വർഗങ്ങളാക്കി വിഭജിച്ചു. അവരിലൊരു വിഭാഗത്തെ അടിച്ചമർത്തി ദുർബലരാക്കുന്നു. അവരുടെ ആൺമക്കളെ അറുകൊല ചെയ്യുന്നു. സ്ത്രീജനങ്ങളെ അപമാനിതരായി ജീവിക്കാൻ വിടുന്നു. തീർച്ചയായും ഫറവോൻ മഹാ ദുഷ്ടനായിരുന്നു.

**4**

إِنَّ فِرْعَوْنَ= തീർച്ചയായും ഫറവോൻ عَلَا فِي الْأَرْضِ = ഭൂമിയിൽ ഉയർന്നു(അത്യുന്നതനെന്ന് അഹങ്കരിച്ചു വാണു)

وَجَعَلَ أَهْلَهَا شِيَعًا= അതിന്റെ ആളുകളെ അവൻ കക്ഷികളാക്കി (വർഗങ്ങളാക്കി വിഭജിച്ചു)

يَسْتَضْعِفُ= അവൻ (അടിച്ചമർത്തി) ദുർബലരാക്കുന്നു طَائِفَةً مِّنْهُمْ = അവരിൽ ഒരു വിഭാഗത്തെ

يُذَبِّحُ أَبْنَاءَهُمْ= അവൻ അവരുടെ ആൺമക്കളെ അറുകൊല ചെയ്യുന്നു

وَيَسْتَحْيِي نِسَاءَهُمْ = സ്ത്രീകളെ ജീവിപ്പിക്കുന്നു (അപമാനിതരായി ജീവിക്കാൻ വിടുന്നു)

إِنَّهُ كَانَ مِنَ الْمُفْسِدِينَ= തീർച്ചയായും അവൻ നാശകാരികളിൽപെട്ടവൻ (മഹാ ദുഷ്ടൻ) ആയിരുന്നു

ഇവിടെ പരാമർശിക്കുന്ന ഫറവോൻ, റംസിസ് രണ്ടാമൻ (رمسس الثانى) ആകുന്നു. ഫറവോനികളുടെ പത്തൊമ്പതാം രാജകുടുംബത്തിലെ മൂന്നാമത്തെ രാജാവായിരുന്നു ഇദ്ദേഹമെന്നാണ് ചരിത്ര ഗവേഷകരുടെ നിഗമനം. റംസിസ് രണ്ടാമൻ അതിശക്തനും പരാക്രമശാലിയും മഹാധിക്കാരിയുമായിരുന്നു. ഇദ്ദേഹത്തിന്റെ കാലത്താണ് മൂസാ (അ) ജനിച്ചത്. عَلَا -യുടെ വാക്കർഥം ഉയർന്നു എന്നാണ്. നാട്ടിൽ അത്യുന്നതനെന്ന് അഹങ്കരിച്ചു വിഹരിച്ചുവെന്നാണ് عَلَا فِي الْأَرْضِ -യുടെ താൽപര്യം. തങ്ങൾ ദൈവതുല്യരാണെന്നായിരുന്നു ഫറവോനികളുടെ നിലപാട്. റംസിസിന്റെ പുത്രൻ മൻഫിതാഹ് 'ഞാൻ തന്നെയാണ് നിങ്ങളുടെ അത്യുന്നത വിധാതാവ്' - أَنَا رَبُّكُمُ الْأَعْلَىٰ (79:24) എന്നും 'നിങ്ങൾക്ക് ഞാനല്ലാതെ മറ്റൊരു ദൈവമുള്ളതായി എനിക്കറിവില്ല' - مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي (28:38) എന്നും പ്രസ്താവിച്ചതായി ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. شيعة -ന്റെ ബഹുവചനമാണ് شيع ഈ പദത്തിന്റെ അർഥം *ഖുർആൻ ബോധനം* 19:69 സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. വർഗങ്ങൾ, കക്ഷികൾ എന്നാണിവിടെ വിവക്ഷ. അടിച്ചമർത്തിയും പീഡിപ്പിച്ചും

കഠിനാധ്വാനം ചെയ്യിച്ചും അവശരാക്കുകയാണ് استضعاف. വിഭാഗം -طَائِفَةً- കൊണ്ടുദ്ദേശ്യം ഇസ്രാഈൽ ജനതയാണ്. ഫറവോനികൾ ഇസ്രാഈല്യരിലെ പുരുഷ സന്തതികളെ കൊല്ലുകയും സ്ത്രീകളെ അവശേഷിപ്പിക്കുകയും ചെയ്തതിന്റെ സാഹചര്യവും കാരണങ്ങളും *ഖുർആൻ ബോധനം* 2:49 സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. മൂലത്തിലെ يَسْتَحْيِي എന്ന വാക്ക് استحياء-ൽനിന്നുള്ളതാണ്. استحياء -ന്റെ മൂലം حياة -ഉം ആവാം, حياء -ഉം ആവാം. حياة -ൽ നിന്നുള്ള استحياء ജീവൻ തേടലും ജീവിക്കാനനുവദിക്കലുമാണ്. ഇവിടെ ഉപയോഗിച്ചിട്ടുള്ള استحياء -നെ ആ അർഥത്തിലാണ് ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. حياء -ൽനിന്നുള്ള استحياء മാനഭംഗവും ലജ്ജയുമാണ്. ഖുർആൻ മൂസാ-ഫറവോൻ കഥയിൽ മാത്രമേ ജീവിപ്പിക്കുക എന്ന അർഥത്തിൽ استحياء ഉപയോഗിച്ചിട്ടുള്ളൂ. മറ്റു സ്ഥലങ്ങളിലെല്ലാം ജീവിക്കുന്നതിന് إحياء ആണ് ഉപയോഗിച്ചിരിക്കുന്നത്. മറ്റു സ്ഥലങ്ങളിൽ استحياء ഉപയോഗിച്ചിരിക്കുന്നത് ലജ്ജിക്കുന്നതിനെ കുറിക്കാൻ. ഉദാ: إِنَّ اللَّهَ لَا يَسْتَحْيِي أَن يَضْرِبَ مَثَلًا مَّا بَعُوضَةً (ഒരു കൊതുകിനെപ്പോലും ഉദാഹരിക്കാൻ അല്ലാഹു ലജ്ജിക്കുന്നില്ല 2: 26). وَاللَّهُ لَا يَسْتَحْيِي مِنَ الْحَقِّ (സത്യം പറയാൻ അല്ലാഹു ഒട്ടും ലജ്ജിക്കുന്നില്ല). ഈ സന്ദർഭത്തിലെ استحياء -നെയും മേൽ സൂക്തങ്ങളിലെ استحياء പോലെ എടുത്ത്, കുട്ടികളെ കൊല്ലുകയും സ്ത്രീകളെ മാനഭംഗപ്പെടുത്തുകയും ചെയ്യുന്നു എന്ന് അർഥം കൽപിക്കുന്നതാണ് ഉചിതമെന്ന് ചില ആധുനിക പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. സ്ത്രീകളെ കൊല്ലാതെ വിട്ടതിന്റെ ലക്ഷ്യം അവരെ ബലാത്സംഗം ചെയ്യുകയും വെപ്പാട്ടികളായി പണിയെടുപ്പിക്കുകയുമാണെന്ന കാര്യം വ്യക്തമാണ്. എങ്കിലും പ്രകൃത സൂക്തത്തിലെ استحياء -ന്, നാണം കെടുത്തുക, മാനഭംഗം ചെയ്യുക എന്ന അർഥം നൽകുന്നതിന് ഭാഷാപരമായ തടസ്സമുണ്ട്. حياة -ൽനിന്നുള്ള استحياء (ജീവിപ്പിക്കുക) സകർമകവും حياء -ൽ നിന്നുള്ള استحياء (നാണിക്കുക) അകർമകവുമാണ്.

വചനസാരമിതാണ്: താൻ അല്ലാഹുവിന്റെ അടിമയായിരിക്കുക എന്ന അവസ്ഥക്ക് അതീതനാണെന്നും താൻ തന്നെയാണ് രാജ്യത്തിന്റെ പരമാധികാരിയും അത്യുന്നതനുമായ വിധാതാവെന്നും തനിക്കു മീതെ ആരുമില്ലെന്നും, അഹങ്കരിച്ച മഹാ ധിക്കാരിയും സ്വേഛാധിപതിയുമായ രാജാവായിരുന്നു ഫറവോൻ. അധികാരം ഭദ്രമാക്കാൻ അയാൾ സ്വീകരിച്ച തന്ത്രം നാട്ടുകാരെ പലവർഗങ്ങളാക്കി വിഭജിച്ചു നിർത്തുകയായിരുന്നു. ഈജിപ്തിലെ പ്രബല സമുദായമായിരുന്ന ഇസ്രാഈല്യരെ അയാൾ അടിമകളും കീഴാളരുമാക്കി. കോപ്റ്റിക്കുകളെ വരേണ്യവർഗമാക്കി. പൗരാവകാശങ്ങളില്ലാത്ത അടിമകളായ ഇസ്രാഈല്യരെ ചൂഷണം ചെയ്യാനും കഠിനാധ്വാനത്തിലേർപ്പെടുത്താനും മർദിക്കാനും കോപ്റ്റിക്കുകൾക്ക് അവകാശം നൽകി. പൗരസഞ്ചയത്തെ മേലാളരും കീഴാളരുമായി വിഭജിച്ച് മേലാളർക്ക് കീഴാളരെ ചൂഷണം ചെയ്യാൻ അവസരമൊരുക്കിക്കൊണ്ട് വർഗമേധാവിത്വവും അധികാരവും ഭദ്രമാക്കുന്ന സമ്പ്രദായം പുരാതന കാലം മുതലേ നിലവിലുള്ളതാണ്. പ്ലറ്റോവിന്റെ ആദർശ രാഷ്ട്ര സങ്കൽപമായ *റിപ്പബ്ലിക്കിൽ* പോലും പൗരന്മാരുടെ വിഭജനവും വിവേചനവും പറയുന്നുണ്ട്. ജനങ്ങളെ ജാതികളായി തിരിച്ച് ഉച്ചനീചത്വം സ്ഥാപിച്ച് അധികാരവും സമ്പത്തും വരേണ്യവർഗത്തിന്റെ കുത്തകാവകാശകമാക്കുകയും അതിന് മതത്തിന്റെയും ധർമത്തിന്റെയും വർണം നൽകി അലംഘനീയമാക്കുകയും ചെയ്ത നാടാണ് പൗരാണിക ഭാരതം. സ്വതന്ത്ര ഭാരതം അയിത്തവും അസ്പൃശ്യതയും നിയമവിരുദ്ധമാക്കിയിട്ടുണ്ടെങ്കിലും ജനങ്ങൾക്കിടയിൽ ഇന്നും അതു നിലനിൽക്കുന്നുണ്ട്. ഫറവോന്റെ വർഗവിഭജനവും നിഷ്ഠുരമായിരുന്നു. ഇസ്രാഈല്യരെ അടിമകളാക്കുക മാത്രമായിരുന്നില്ല അയാൾ ചെയ്തത്, അവരുടെ ജനസംഖ്യ തങ്ങളുടെ ആവശ്യാനുസരണം നിയന്ത്രിക്കുക കൂടി ചെയ്തിരുന്നു. തങ്ങളുടെ തൊഴിൽ മേഖലക്കാവശ്യമായ അളവിൽ മാത്രം അടിമകളുണ്ടാവാനും അടിമകളുടെ അംഗബലം വർധിച്ച് രാജാവിനെതിരെ കലാപം നടത്താനിടയാകാതിരിക്കാനും അയാൾ കണ്ട തന്ത്രം ഇസ്രാഈല്യരിൽ ജനിക്കുന്ന ആവശ്യത്തിലധികമായ പുരുഷ സന്തതികളെ കൊന്നുകളയുകയായിരുന്നു. സ്ത്രീകളെ ജീവിക്കാൻ വിട്ടു. അവരെ വരേണ്യർക്ക് വേലക്കാരും വെപ്പാട്ടികളും ലൈംഗികത്തൊഴിലാളികളുമൊക്കെയായി ഉപയോഗിക്കാമല്ലോ.

ഇതേപ്പറ്റി ബൈബിൾ പറയുന്നു: 'അങ്ങനെയിരിക്കെ യോസേഫിനെക്കുറിച്ച് അറിവില്ലാത്ത പുതിയ ഒരു രാജാവ് ഈജിപ്തിൽ അധികാരമേറ്റു. അയാൾ സ്വജനത്തോടു പറഞ്ഞു: ഇസ്രാഈൽ ജനം നമുക്ക് അടക്കിനിർത്താൻ കഴിയുന്നതിനേക്കാൾ ബാഹുല്യവും ശക്തിയും ഉള്ളവർ ആകുന്നു. നാം അവരോടു കൗശലത്തോടെ ഇടപെടേണ്ടിയിരിക്കുന്നു. അല്ലാത്ത പക്ഷം അവർ വർധിക്കയും യുദ്ധം ഉണ്ടായാൽ ശത്രുക്കളോടു ചേർന്ന് നമ്മോടു പടവെട്ടുകയും ഈ രാജ്യത്തുനിന്ന് രക്ഷപ്പെടുകയും ചെയ്യും. അപ്പോൾ അവർ കഠിനാധ്വാനം കൊണ്ട് ഇസ്രാഈൽ ജനങ്ങളെ പീഡിപ്പിക്കാൻ കങ്കാണികളെ ഏർപ്പെടുത്തി. ഇങ്ങനെ പിഥോം, രക്ഷസേസ് എന്നീ സംഭരണശാല നഗരങ്ങൾ അവർ ഫറവോനു വേണ്ടി നിർമിക്കുകയും ചെയ്തു. എന്നാൽ പീഡിപ്പിക്കുംതോറും അവർ പെരുകുകയും എല്ലായിടത്തും വ്യാപിക്കുകയുമാണുണ്ടായത്. തന്മൂലം ഈജിപ്തുകാർ ഇസ്രാഈൽക്കാരെ ഭയപ്പെട്ടു. അവരെക്കൊണ്ട് കഠിനതരമായ ജോലികൾ ചെയ്യിച്ചു. കുമ്മായവും ഇഷ്ടികയും ഉപയോഗിച്ചുള്ള കഠിനാധ്വാനത്താലും വയലിലെ എല്ലാവിധ ജോലികളാലും ഈജിപ്തുകാർ ഇസ്രാഈൽക്കാരുടെ ജീവിതം കയ്പുനിറഞ്ഞതാക്കി. എല്ലാ ജോലികളും അത്യന്തം കർശനമായി അവർ ചെയ്യിച്ചു' (പുറപ്പാട് 1: 8-14).

ഇസ്രാഈല്യരോട് ഇങ്ങനെയെല്ലാം ചെയ്ത ഫറവോൻ മഹാദുഷ്ടനായിരുന്നു- إِنَّهُ كَانَ مِنَ الْمُفْسِدِينَ. അയാളുടെ ദുഷ്ടതക്ക് മൂന്നു മാനങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) അഹന്തയും ധിക്കാരവും. ഈ മനോ ദൗഷ്ട്യമാണ് മറ്റു ദുഷ്ടതകൾക്ക് പ്രചോദനം. 2) ജനങ്ങളെ വർഗങ്ങളാക്കി ചിലരെ അധമരും ചിലരെ

വരേണ്യരുമാക്കിയത്. ചിലർ സിംഹാസനത്തിനുറ്റവരും ചിലർ രാജ്യത്തിനു തന്നെ അനഭിമതരുമായി പ്രഖ്യാപിക്കപ്പെട്ടു. 3) ഒരു വർഗത്തെ അടിച്ചമർത്തി അവശരും പതിതരും അവകാശഹീനരുമാക്കിയതുവഴി സമത്വം, സ്വാതന്ത്ര്യം, നീതി എന്നീ മൂല്യങ്ങളെല്ലാം ചവിട്ടിമെതിക്കപ്പെട്ടു.

ഈ സൂക്തം നൽകുന്ന സന്ദേശമിതാണ്: 1) ഭരണാധികാരികൾ - രാജാവാകട്ടെ, പ്രസിഡന്റാവട്ടെ, പ്രധാനമന്ത്രിയാവട്ടെ- അത്യുന്നതരെന്നും മീതെ നിയന്ത്രിക്കാനാരുമില്ലെന്നും അഹങ്കരിച്ചുകൂടാ. 2) ജനങ്ങളെ പല തട്ടുകളിലാക്കി ഭിന്നിപ്പിക്കരുത്. വിഭവങ്ങളും തൊഴിലുകളും ന്യായമായി വീതിക്കപ്പെടണം. സമൂഹത്തിൽ സമത്വവും സഹകരണവും വളർത്താനാണ് ശ്രമിക്കേണ്ടത്. 3) വരേണ്യവർഗത്തിന്റെ നേട്ടത്തിനുവേണ്ടി ചൂഷിതരായ അവശ വിഭാഗത്തെ ഹിംസിച്ചുകൊണ്ട് അവരുടെ ജനസംഖ്യ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നതും അബലകളായ സ്ത്രീകളെ പീഡിപ്പിക്കുന്നതും കൊടിയ അക്രമമാണ്. ദേശീയതയുടെയോ ദേശസ്നേഹത്തിന്റെയോ പേരിൽ ഇതൊന്നും നീതീകരിക്കപ്പെടുന്നതല്ല.

●

وَنُرِيدُ أَن نَّمُنَّ عَلَى الَّذِينَ اسْتُضْعِفُوا فِي الْأَرْضِ وَنَجْعَلَهُمْ أَئِمَّةً وَنَجْعَلَهُمُ الْوَارِثِينَ ﴿٥﴾

5. ഭൂമിയിൽ അടിച്ചമർത്തപ്പെട്ട ദുർബലരെ അനുഗ്രഹിക്കാൻ നാം ഉദ്ദേശിക്കുന്നു; അവരെ നായകരാക്കാനും അവകാശികളാക്കാനും.

وَنُمَكِّنَ لَهُمْ فِي الْأَرْضِ وَنُرِيَ فِرْعَوْنَ وَهَامَانَ وَجُنُودَهُمَا مِنْهُم مَّا كَانُوا يَحْذَرُونَ ﴿٦﴾

6. ഭൂമിയിൽ അവർക്ക് സൗകര്യങ്ങളൊരുക്കിക്കൊടുക്കാനും അങ്ങനെ ഫറവോന്നും ഹാമാന്നും അവരുടെ പടകൾക്കും ഇസ്രാഈല്യരിൽനിന്ന് അവർ ഭയപ്പെട്ടിരുന്നതെന്താണോ അതുതന്നെ യാഥാർഥ്യമാക്കി കാണിച്ചുകൊടുക്കാനും നാം ഉദ്ദേശിക്കുന്നു.

**5,6**

وَنُرِيدُ= നാം ഉദ്ദേശിക്കുന്നു أَن نَّمُنَّ= നാം അനുഗ്രഹിക്കാൻ
عَلَى الَّذِينَ اسْتُضْعِفُوا = ദുർബലരാക്കപ്പെട്ടവരെ (അടിച്ചമർത്തപ്പെട്ട ദുർബലരെ)
فِي الْأَرْضِ= ഭൂമിയിൽ وَنَجْعَلَهُمْ = നാം അവരെ ആക്കാനും
أَئِمَّةً = നായകന്മാർ وَنَجْعَلَهُمُ الْوَارِثِينَ= നാം അവരെ അനന്തരാവകാശികളാക്കാനും
وَنُمَكِّنَ لَهُمْ فِي الْأَرْضِ= ഭൂമിയിൽ നാം അവർക്ക് ഇടം ഒരുക്കാനും (സൗകര്യങ്ങളൊരുക്കിക്കൊടുക്കാനും)
وَنُرِيَ= നാം (യാഥാർഥ്യമാക്കി) കാണിച്ചുകൊടുക്കാനും (ഉദ്ദേശിക്കുന്നു)
فِرْعَوْنَ وَهَامَانَ وَجُنُودَهُمَا= ഫറവോന്നും ഹാമാന്നും അവരിരുവരുടെയും പടകൾക്കും
مِنْهُم مَّا كَانُوا يَحْذَرُونَ= അവ(ഇസ്രാഈല്യ)രിൽനിന്ന് അവർ ഭയപ്പെട്ടിരുന്നതെന്താണോ അത് (തന്നെ)

ഈ സൂക്തങ്ങൾക്ക് സവിശേഷമായ ആശയവും പൊതുവായ ആശയവുമുണ്ട്. ഫറവോനികളുടെ മർദക ഭരണത്തിനു കീഴിൽ ഇസ്രാഈല്യർ നേരിട്ട ദുരവസ്ഥയുടെ പശ്ചാത്തലത്തിലുള്ളതാണ് സവിശേഷമായ അർഥം. മർദിതരായ ഇസ്രാഈല്യരെ അനുഗ്രഹിക്കാൻ അല്ലാഹു തീരുമാനിക്കുന്നു. അവൻ അവരെ സംസ്കാര-നാഗരികതകളുടെയും ആത്മീയ മൂല്യങ്ങളുടെയും ധർമശാസ്ത്രത്തിന്റെയുമെല്ലാം നായകരും സ്വയം നിർണയാവകാശമുള്ള ജനതയുമായി ഫലസ്ത്വീനിൽ അധിവസിപ്പിക്കുകയും അവിടെ സുസ്ഥിരമായ നിലനിൽപിനും വികസനത്തിനും വേണ്ട എല്ലാ ഉപാധികളും ഒരുക്കിക്കൊടുക്കുകയും ചെയ്യും. അങ്ങനെ ഫറവോനും അയാളുടെ മന്ത്രി ഹാമാനും അവരുടെ പടയും ഇസ്രാഈല്യരിൽനിന്ന് ഭയപ്പെട്ടിരുന്ന തിരിച്ചടി എന്താണോ അത് യാഥാർഥ്യമാക്കി അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യും.

ഇമാമിന്റെ ബഹുവചനമാണ് അഇമ്മത്. പിന്തുടരപ്പെടുന്നവരും അനുകരിക്കപ്പെടുന്നവരുമാണ് ഇമാം. ഇസ്രാഈല്യർ പ്രതിനിധാനം ചെയ്യുന്ന ആദർശം വ്യാപകമായി അംഗീകരിക്കപ്പെടുകയും അതിൽനിന്ന് ഉത്ഭൂതമാകുന്ന സംസ്കാരം അനുകരിക്കപ്പെടുകയും ചെയ്യുമെന്ന് പ്രവചിക്കുകയാണ് وَنَجْعَلَهُمْ أَئِمَّةً എന്ന വാക്കിലൂടെ. ഒരാളുടെ മരണാനന്തരം അയാളുടെ വസ്തുവഹകൾക്ക് അവകാശിയാകുന്ന ബന്ധുവാണ്

وارث. കേവല അവകാശിക്കും ഈ പദം ഉപയോഗിക്കും. ഈ സന്ദർഭത്തിൽ രണ്ടർഥവും സാധുവാകുന്നു. ആദ്യത്തെ അർഥത്തിലെടുക്കുമ്പോൾ, കനാനികളും ഹിത്തിയരും അമോരികളും ആരാമ്യരും വസിക്കുന്ന ഫലസ്ത്വീൻ ഇനി ഇസ്രാഈല്യരുടെ വാസകേന്ദ്രമാക്കിക്കൊടുക്കും എന്നാണ് ആശയം. രണ്ടാമത്തെ അർഥത്തിൽ ഫലസ്ത്വീൻ ഇസ്രാഈല്യർക്ക് സ്വയംനിർണയാവകാശമുള്ള രാജ്യമാക്കിക്കൊടുക്കും എന്നും. مَكَّنَ -യുടെ വർത്തമാന രൂപമാണ് نُمَكِّنَ. ഈ പദത്തിന്റെ അർഥം നേരത്തേ 6:6 സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വിശദീകരിച്ചിരിക്കുന്നു.

പൊതുവായ അർഥം ഇതാണ്: ഭൂമിയിലെ മർദിത വിഭാഗങ്ങളോടൊപ്പമാണ് അല്ലാഹു. അവർ സ്വതന്ത്രരും ജേതാക്കളും നേതാക്കളുമാകണമെന്നാണ് അവന്റെ താൽപര്യം. അങ്ങനെ മർദകരും ചൂഷകരും അവരിൽനിന്ന് ഭയപ്പെട്ടിരുന്നതെന്താണോ അതു യാഥാർഥ്യമാകണം. അതുകൊണ്ട് മർദിതരെ അവൻ അനുഗ്രഹിച്ചു കൊണ്ടിരിക്കും. ഈ അനുഗ്രഹം പക്ഷേ, കരഗതമാകാൻ മർദിതർ അതാഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർഥിക്കുകയും വേണം. മർദിതന്റെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ യാതൊരു മറയുമില്ല എന്ന് നബി(സ) പ്രസ്താവിച്ചിരിക്കുന്നു. പ്രാർഥന അധരമാത്രമായിരിക്കരുത്. മനസ്സിൽ തട്ടിയതായിരിക്കണം. തന്റെ അവസ്ഥ അല്ലാഹു മാറ്റിത്തരാൻ താൻ സ്വയം മാറാൻ തയാറാവുകയും വേണം. إِنَّ اللَّهَ لَا يُغَيِّرُ مَا بِقَوْمٍ حَتَّىٰ يُغَيِّرُوا مَا بِأَنفُسِهِمْ (അല്ലാഹു ഒരു സമൂഹത്തിന്റെയും അവസ്ഥയെ മാറ്റുന്നതല്ല; അവർ തങ്ങളുടെ അവസ്ഥയെ സ്വയം മാറ്റുന്നതുവരെ - 13:11).

ജനതകൾ സ്വയം മാറാനുള്ള പാതയും പാഥേയവും ഒരുക്കിക്കൊടുക്കുക അവരോടുള്ള അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ ഭാഗമാകുന്നു. അതാണ് മൂസാ(അ)യുടെ പ്രവാചകത്വത്തിലൂടെയും പ്രബോധനത്തിലൂടെയും ഇസ്രാഈല്യർക്ക് അല്ലാഹു ചെയ്തുകൊടുത്തത്. അദ്ദേഹം വെട്ടിത്തെളിച്ച പാതയിലൂടെ സഞ്ചരിച്ചാണ് അവൻ സ്വാതന്ത്ര്യത്തിലും സ്വരാജ്യത്തിലും എത്തിയത്; ദാവൂദ്-സുലൈമാന്മാർ വിജുഗീഷുക്കളായ രാജാക്കന്മാരായതും സുശക്തവും ക്ഷേമസമൃദ്ധവുമായ ആദർശരാഷ്ട്രം സ്ഥാപിച്ചതും. മൂസാ നബിക്കു മുമ്പും പിമ്പും ജനങ്ങൾ അധഃസ്ഥിതിയിൽ അകപ്പെട്ടപ്പോഴൊക്കെ അല്ലാഹു അവർക്ക് മോചനമാർഗം ഉപദേശിക്കുന്ന പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നു. ആ പ്രവാചകന്മാരെ തിരിച്ചറിഞ്ഞ് അംഗീകരിച്ച ജനങ്ങൾ വിമോചിതരായി. തിരിച്ചറിയാൻ കൂട്ടാക്കാത്തവർ അധഃസ്ഥിതിയിൽ നശിച്ചുപോയി.

ഒടുവിൽ, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആപതിച്ച ലോകത്തെ പൊതുവിലും, അറബികളെ വിശേഷിച്ചും മോചിപ്പിക്കാൻ അന്ത്യപ്രവാചകൻ മുഹമ്മദ്(സ) നിയുക്തനായി. അറബികൾ ആദ്യം അദ്ദേഹത്തെ എതിർത്തെങ്കിലും പിന്നീട് അംഗീകരിക്കുകയും അനുകരിക്കുകയും ചെയ്തു. അങ്ങനെ അവർ സത്യവിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും വെളിച്ചത്തിലേക്ക് മോചിതരാവുകയും ലോകത്തിന്റെ നായകന്മാരും ജേതാക്കളുമായി മാറുകയും ചെയ്തു. അന്ത്യപ്രവാചകനു ശേഷം അധഃസ്ഥിതിയിലും ദുരവസ്ഥയിലുമകപ്പെടുന്ന ജനങ്ങളെ രക്ഷാമാർഗത്തിലേക്ക് നയിക്കേണ്ട ചുമതല മുസ്‌ലിം സമുദായത്തിൽ അർപ്പിതമായിരിക്കുന്നു. നിർഭാഗ്യവശാൽ മുസ്‌ലിം സമുദായം തന്നെ മർദിതാവസ്ഥയിൽ രക്ഷാമാർഗം കാണാതെ ഉഴറുകയാണിന്ന്. പ്രവാചകൻ പഠിപ്പിച്ച മോചനമന്ത്രങ്ങളും മാർഗങ്ങളും പൊതുസമൂഹം മറന്നുപോയിരിക്കുന്നു. വളരെ കുറച്ചാളുകളേ അതോർക്കുകയും പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നുള്ളൂ. ആധുനിക ലോകത്തിന്റെ നേതൃത്വവും നിയന്ത്രണവും മർദക ജാഹിലിയ്യത്തിന്റെ കരങ്ങളിലാണ്. മുസ്‌ലിം ലോകം മർദിതരുടെയും ചൂഷിതരുടെയും ലോകമാണ്. സമുദായം സ്വയം മാറാൻ തയാറാവാതെ ഈ ദുരവസ്ഥ മാറാൻ പോകുന്നില്ല. സ്വയം കണ്ടെത്താനും സ്വന്തം അവസ്ഥ മാറ്റിയെടുക്കാനും കഴിയാത്ത ജനത ശിഷ്ട ലോകത്ത് മാറ്റങ്ങളുണ്ടാകുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത് നിരർഥകമാകുന്നു.

ഈ സൂക്തത്തിലെ ഹാമാൻ പരാമർശത്തെ ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ ഇങ്ങനെ വിമർശിച്ചിരിക്കുന്നു: ഫറവോന്റെ സഭയിൽ ഹാമാൻ എന്നൊരാളുണ്ടായിരുന്നില്ല. മൂസാ(അ)ക്കു ശേഷം ഏതാണ്ട് ആയിരം കൊല്ലം കഴിഞ്ഞ് പേർഷ്യ ഭരിച്ച ഖുഷിയാർഷാ (Xerxes) യുടെ രാജസഭയിലെ ഒരു പ്രമുഖനായിരുന്നു ഹാമാൻ. മുഹമ്മദ് അയാളെ ജനിക്കുന്നതിനു മുമ്പേ ഈജിപ്തിൽ കൊണ്ടുവന്ന് ഫറവോന്റെ മന്ത്രിയാക്കിയിരിക്കുന്നു! ഈ വിമർശനം സാധുവാകാൻ ചില കാര്യങ്ങൾ സ്ഥിരപ്പെടേണ്ടതുണ്ട്. ലോകത്ത് ആകെ ഒരു ഹാമാനേ ഉണ്ടായിട്ടുള്ളൂ എന്നും അത് ഖുഷിയാർഷായുടെ രാജധാനിയിലായിരുന്നു എന്നുമാണ് ഒന്ന്. ഫറവോന്റെ രാജസഭയിലെ എല്ലാ അംഗങ്ങളുടെയും കൃത്യമായ പേരും സ്ഥാനപ്പേരും രേഖപ്പെടുത്തിയ ആധികാരികമായ പട്ടിക അവതരിപ്പിക്കുകയും അതിൽ ഹാമാൻ എന്നൊരാളില്ലെന്നു സ്ഥിരപ്പെടുത്തുകയുമാണ് രണ്ടാമത്തേത്. ഫറവോന്റെ സഭയിൽ ഒരു ഹാമാനുണ്ടായിരുന്നത് ഞങ്ങൾ അറിഞ്ഞിട്ടില്ല എന്നതും പിൽക്കാലത്ത് ഖുഷിയാർഷായുടെ രാജധാനിയിൽ അപ്പേരിൽ അങ്ങനെയൊരാളുണ്ടായിരുന്നു എന്ന് അറിഞ്ഞതും ഖുർആനിന്റെ ദൈവികതയെ നിഷേധിക്കാൻ ആയുധമാക്കുകയാണവർ. വാസ്തവത്തിൽ ഫറവോന് ആയിരം കൊല്ലത്തിനു ശേഷമാണ് ഖുഷിയാർഷായും അയാളുടെ സഭയിലെ ഹാമാനും ഉണ്ടായതു തന്നെ ഈ രണ്ടു ഹാമാനും ഒന്നാവുകയില്ല എന്നതിന്റെ അനിഷേധ്യമായ തെളിവാകുന്നു. ഇവിടെ പരാമർശിക്കപ്പെട്ട ഹാമാൻ വ്യക്തിനാമമാവണമെന്നില്ല. സ്ഥാനപ്പേരായിരിക്കാൻ സാധ്യതയുണ്ട്. യൂസുഫ് നബിയുടെ കാലത്തെ ഈജിപ്ഷ്യൻ രാജാവിന്റെ മന്ത്രിയെ ഖുർആൻ വ്യക്തിനാമത്തിൽ പരാമർശിക്കാതെ عزيز എന്ന സ്ഥാനപ്പേരിലാണല്ലോ പരാമർശിക്കുന്നത്.

●